# *മുൻഗാമികൾ എന്തു പറഞ്ഞു?*

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )
**ഗ്രന്ഥം:** **فتح رب ال ية بتلخيص ا موية**
**വിവർത്തനം:** *ഹംസ ജമാലി*

**മുൻഗാമികളുടെ മാർഗത്തെക്കുറിച്ച് പിൻഗാമികളിൽ ചിലരുടെ അഭിപ്രായം**

പിൻഗാമികളിൽ ചിലർ പറയുന്നു:

إن مذهب السلف الصفات إمرار النصوص على ما جاءت به، مع اعتقاد أن ظاهرها غ مراد

‘‘അല്ലാഹുവിന്റെ വിശേഷണങ്ങളിൽ മുൻഗാമികളുടെ മാർഗം പ്രമാണങ്ങളിൽ വന്ന പദങ്ങൾ അതേപ്രകാരം അവയിലെ ظاهر (ബാഹ്യമായ)നെ ഉദ്ദേശിക്കാതെ വിശ്വസിക്കലാകുന്നു.’’

ഈ വാചകം അതേപടി സ്വീകരിക്കാവതല്ല. കാരണം ظاهر എന്ന വാക്ക് വിശദീകരണമാവശ്യപ്പെടുന്നു.

യാതൊന്നിനോടും സാദൃശ്യമാക്കാത്ത നിലയിൽ അല്ലാഹുവിന് അനുയോജ്യമായ വിശേഷണങ്ങളാണ് ظاهر എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എങ്കിൽ അതുതന്നെയാണ് യഥാർത്ഥ വിവക്ഷ. ഇതല്ല ഉദ്ദേശ്യം എന്ന് വല്ലവരും മനപൂർവം വിശ്വസിച്ചു പറയുകയാണെങ്കിൽ അദ്ദേഹം പിഴച്ചവനാകുന്നു. ഈ പിഴച്ച വിശ്വാസം മുൻഗാമികളുടെ വിശ്വാസമാണെന്ന് അവരിലേക്ക് ചേർത്ത് പറയുകയാണെങ്കിൽ അയാൾ നുണയനോ തെറ്റുപറ്റിയവനോ ആകുന്നു.

ചിലർ വിചാരിക്കുന്നതുപോലെ അല്ലാഹുവിന്റെ വിശേഷണങ്ങളെ പ്രത്യക്ഷത്തിൽ അല്ലാഹുവിന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുകയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് ഒരിക്കലും ഉദ്ദേശിക്കപ്പെടാൻ പാടില്ലാത്തതാകുന്നു. അപ്രകാരം ആ പദങ്ങൾ അറിയിക്കുന്നില്ല. കാരണം അല്ലാഹു സൃഷ്ടികളോട് സാദൃശ്യപ്പെടൽ അസാധ്യമായ കാര്യമാകുന്നു. ഖുർആനിന്റെയും സുന്നത്തിന്റെയും വചനങ്ങൾ ഒരിക്കലും അസാധ്യമായ കാര്യമാകാൻ നിവൃത്തിയില്ല. തെറ്റുപറ്റിയെന്നും പ്രസ്തുത പദങ്ങളിൽ നിന്ന് വ്യക്തമാകുന്നത് തെറ്റായ ഈ ആശയമാണെന്ന് വല്ലവനും വിചാരിക്കുന്നുവെങ്കിൽ അയാൾക്ക് തെറ്റുപറ്റി. യഥാർത്ഥത്തിൽ ഈ സാങ്കേതിക പദങ്ങൾകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിന്ന് അനുയോജ്യവും പ്രത്യേകവുമായ വിശേഷണങ്ങൾ സ്ഥിരീകരിക്കലുമാണെന്നും വ്യക്തമാക്കിക്കൊടുക്കണം.

ഈ വിശദീകരണം മുഖേന നാം മൂലപ്രമാണങ്ങൾക്ക് പദത്തിലും അർത്ഥത്തിലും അവയർഹിക്കുന്ന സ്ഥാനം നല്കിയിരിക്കുന്നു. الله أعلم.

**സത്യവും അസത്യവും കൂട്ടിക്കുഴക്കുന്നു**

പിൻഗാമികളിൽ ചിലർ പറയുന്നു:

إنه لا فرق بـ مذهب السلف ومذهب ا ؤول نصوص الصفات، فإن الكل اتفقوا على أن الآيات والأحاديثَ لا تدل على صفات ا ، لكن ا تأولون رأوا ا صلحة تأويلها سيس ا اجة إليه وعينوا ا راد، وأما السلف فأمسكوا عن التعي واز أن يكون ا راد غ ه

“അല്ലാഹുവിന്റെ വിശേഷണങ്ങളിൽ സലഫുകളുടെ മാർഗവും അവ വ്യാഖ്യാനിക്കുന്നവരുടെ മാർഗവും തമ്മിൽ വ്യത്യാസമൊന്നുമില്ല. കാരണം ആയത്തുകളോ ഹദീസുകളോ അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നില്ലാ എന്നതിൽ ഇവരെല്ലാവരും ഏകാഭിപ്രായക്കാരാണ്. പക്ഷേ സ്വിഫാത്തുകളെ വ്യാഖ്യാനിക്കുന്നവർ അതിൽ നന്മകാണുകയും അതിനെ വ്യാഖ്യാനിക്കേണ്ട ആവശ്യമുള്ളതായി മനസ്സിലാക്കി അതിന്റെ ഉദ്ദേശ്യലക്ഷ്യം നിർണയിക്കുകയും ചെയ്യുന്നു. എന്നാൽ സലഫുകളാകട്ടെ സ്വിഫാതുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മറ്റൊന്നായിരിക്കൽ സാധ്യതയുള്ളതിനാൽ അവ നിർണയിക്കാതെ ഒഴിഞ്ഞു നില്ക്കുകയും ചെയ്യുന്നു.’’

ഇത് സലഫുകളുടെ മേലുള്ള വ്യക്തമായ കളവാകുന്നു. എന്തുകൊണ്ടെന്നാൽ അവരിലൊരാളും തന്നെ അല്ലാഹുവിന് യോജിക്കുന്നതായ അവന്റെ വിശേഷണങ്ങളെക്കുറിക്കുന്ന പദങ്ങളുടെ അറിയിക്കുന്ന യാതൊന്നും നിഷേധിക്കുന്നില്ല. മറിച്ച് അവരുടെ വാക്കുകളിൽ നിന്ന് മൊത്തത്തിൽ അല്ലാഹുവിന്റെ വിശേഷണങ്ങളെ അവൻ അറിയിച്ച് തന്നത് പോലെ അംഗീകരിക്കുന്നവരായും അവ നിഷേധിക്കുകയോ അല്ലാഹുവിനെ അവന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുകയോ ചെയ്യുന്നവരെ അസ്വീകാര്യമായി കാണുകയും ചെയ്യുന്നതായാണ് ബോധ്യമാകുന്നത്. പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇമാം ബുഖാരി(رحمه الله)യുടെ ഗുരുനാഥൻ അൽഹാഫിള് നുഐമുബ്നു ഹമ്മാദിൽ ഖുസാഈ (رحمه الله) പറഞ്ഞതു പോലെ:

من شبه ا لقه فقد كفر، ومن جحد ما وصف ا به نفسه فقد كفر، وليس ما وصف ا به نفسه ولا رسوله تشبيهاً

“അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവൻ അവിശ്വാസിയാകുന്നു. അല്ലാഹു അവനെക്കുറിച്ച് വിശേഷിപ്പിച്ചിട്ടുള്ളതിനെ നിഷേധിക്കുന്നവനും അവിശ്വാസിയുമാകുന്നു. അല്ലാഹുവും അവന്റെ പ്രവാചകനും അല്ലാഹുവിനെക്കുറിച്ച് വിശേഷിപ്പിച്ചിട്ടുള്ളവ അപ്രകാരം മനസ്സിലാക്കൽ സാദൃശ്യപ്പെടുത്തലാകുന്നില്ല.’’

അല്ലാഹുവിന്റെ സ്വിഫത്തുകളെ സ്ഥിരീകരിക്കുന്ന സലഫുകൾ (മുൻഗാമികൾ) അവ വ്യാഖ്യാനിക്കുന്നവരോട് യോജിക്കുന്നില്ല. അവർ (വ്യാഖ്യാനിക്കുന്നവരെ) അല്ലാഹുവിന്റെ സ്വിഫത്തുകൾ സ്ഥിരീകരിക്കാൻ വേണ്ടി അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവരും അല്ലാഹുവിന് ശരീരമുണ്ടെന്ന് വാദിക്കുന്നവരുമാണെന്ന് സലഫുകളുടെ മേൽ ചില പിൻഗാമികൾ ആരോപിക്കുന്നു.

ആയത്തുകളോ ഹദീസുകളോ അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിച്ച് പ്രദിപാദിക്കുന്നില്ലാ എന്ന കാര്യത്തിൽ മുൻഗാമികൾ ഇവരുമായി യോജിക്കുന്നവരായിരുന്നെങ്കിൽ അവർ ഇവരെ

എതിരാളികളാക്കുകയോ അല്ലാഹുവിന്റെ ഗുണങ്ങളെ സാദൃശ്യപ്പെടുത്തുന്നവരും അവയവങ്ങളായി നിരൂപിക്കുന്നവരുമായും കുറ്റപ്പെടുത്തുകയോ ചെയ്യുമായിരുന്നില്ല.

**മുൻഗാമികൾ എന്തു പറഞ്ഞു**

അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളിൽ വന്ന ആയത്തുകളെയും ഹദീസുകളെയും സംബന്ധിച്ച് മുൻഗാമികളിൽ നിന്ന് പൊതുവായതും പ്രത്യേകമായതുമായ അഭിപ്രായം പ്രസിദ്ധമാണ്. أمروها كما جاءت بلا كيف ''അല്ലാഹുവിന്റെ വിശേഷണങ്ങൾ പ്രമാണങ്ങളിൽ വന്നിട്ടുള്ളതുപ്രകാരം രൂപ സങ്കല്പമില്ലാതെ വിശദീകരണം കൊടുക്കുക'' എന്നത് സുപ്രസിദ്ധമാണ്. ഇമാം മക്ഹൂൽ (رحمه الله), ഇമാം സുഹ്‌രീ (رحمه الله), ഇമാം മാലികുബ്നു അനസ് (رحمه الله), ഇമാം സുഫ്‌യാനുസ്സൗരി (رحمه الله), ഇമാം ലൈഥ്ബ്നു സഅ്ദ് (رحمه الله), ഇമാം അൗസാഈ (رحمه الله) മുതലായവരിൽ നിന്നുമാണ് ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നത്.

അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നവർക്കും, അവയെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവർക്കുമുള്ള ഖണ്ഡനമടങ്ങിയിരിക്കുന്നു മേൽവചനത്തിൽ. അപ്പോൾ أمروها كما جاءت ''പ്രമാണങ്ങളിൽ വന്നിട്ടുള്ളത് പ്രകാരം വിശദീകരണം കൊടുക്കുക'' എന്നതിൽ അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നവർക്കുള്ള ഖണ്ഡനമാണ്. بلا كيف ''രൂപ സങ്കൽപമില്ലാതെ'' എന്നതിൽ അല്ലാഹുവിന്റെ വിശേഷണങ്ങളെ സാദൃശ്യപ്പെടുത്തുന്നവർക്കുള്ള ഖണ്ഡനവുമുണ്ട്.

അപ്രകാരം ഖുർആനും നബിവചനങ്ങളുമാകുന്ന പ്രമാണങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഗുണവിശേഷണങ്ങളെല്ലാം അല്ലാഹുവിന്റെ മഹത്വത്തിന് നിരക്കുന്ന വിധത്തിൽ മുൻഗാമികൾ സ്ഥിരീകരിക്കുന്നുവെന്നതിനുള്ള തെളിവുകൂടിയാണ് മേൽ വചനം. രണ്ട് മാർഗങ്ങളിലൂടെ അത് വ്യക്തമാകുന്നു:

**ഒന്ന് أمروها كما جاءت:** പ്രമാണങ്ങളിൽ വന്നിട്ടുള്ളതുപ്രകാരം വിശദീകരണം കൊടുക്കുക എന്നതിന്റെ അർത്ഥം അവ ഏതർത്ഥങ്ങളിലാണോ വന്നിട്ടുള്ളത്. അതേപ്രകാരം നിലനിർത്തുക എന്നതാകുന്നു.

അല്ലാഹുവിന്റെ മഹത്വത്തിന് നിരക്കുന്ന അർത്ഥത്തെ സ്ഥിരീകരിക്കുന്നതിനാണ് അവ വന്നിട്ടുള്ളതെന്നതിൽ യാതൊരു സംശയവുമില്ല. മുൻഗാമികൾ അവക്ക് അർത്ഥം കൽപിക്കുന്നില്ലായെങ്കിൽ അവർ ''അവയുടെ പദത്തെ വിശദീകരണം കൊടുക്കുക, അർത്ഥത്തിൽ ഇടപെടരുത്'' എന്നോ മറ്റോ ആയിരുന്നു പറയേണ്ടിയിരുന്നത്.

**രണ്ട് بلا كيف:** ''രൂപസങ്കല്പമില്ലാതെ'' എന്ന മുൻഗാമികളുടെ വാക്ക് അല്ലാഹുവിന്റെ സിഫാത്തുകളായി ഖുർആനിൽ പറഞ്ഞിട്ടുള്ളവയുടെ യഥാർത്ഥമായ അർത്ഥത്തിൽ തന്നെ സ്ഥിരീകരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. എന്തുകൊണ്ടെന്നാൽ അവയുടെ സമ്പൂർണമായ അവസ്ഥയാൽ അല്ലാഹുവിലുണ്ടെന്ന് അവർ വിശ്വസിക്കുന്നില്ലായിരുന്നെങ്കിൽ അവർക്ക് രൂപ

സങ്കൽപത്തെ നിഷേധിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. മാത്രമവുമല്ല സ്ഥിരീകരിക്കപ്പെടാത്ത ഒന്നിന് സ്വന്തമായ അസ്തിത്വം ഇല്ല. എന്നിരിക്കെ അതിന്റെ രൂപ സങ്കൽപത്തെ നിഷേധിക്കുന്നത് നിരർത്ഥകമാകുന്നു.

പ്രസിദ്ധ പണ്ഡിതനായ ഇമാം അഹ്മദുബ്നു ഹമ്പൽ (رحمه الله) അല്ലാഹുവിന്റെ ഒന്നാനാകാശത്തേക്കുള്ള ഇറക്കം പോലുള്ളതിനെക്കുറിച്ച് പറഞ്ഞ വചനം نؤمن ا ونصدق، لا كيف ولا مع ''നാമത് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അതിന് രൂപമോ അർത്ഥമോ ഇല്ല.'' എന്നതിന്റെ മറുപടിയെന്താണെന്ന് ചോദ്യമുണ്ടായേക്കാം. ഇതിന് നാം ഇപ്രകാരം മറുപടി നൽക്കുന്നു.

യഥാർത്ഥത്തിൽ ജഹ്മിയാക്കളും അല്ലാത്തവരുമായ സ്വിഫാത്തുകളെ നിഷേധിക്കുന്നവർ ആവിഷ്കരിച്ചെടുത്ത അർത്ഥത്തെയാണ് ഇമാം അഹ്മദ് (رحمه الله) ഇവിടെ നിഷേധിക്കുന്നത്. ഈ അർഥം മുഖേന അവർ ഖുർആനും നബിവചനങ്ങളുമാകുന്ന പ്രമാണങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഗുണവിശേഷണങ്ങളുടെ ബാഹ്യമായ അർത്ഥത്തിനു എതിരാകുന്ന അർത്ഥം നല്കി വളച്ചൊടിക്കുകയാണുണ്ടായത്.

മേൽവിവരിച്ചതിൽ നിന്നും ഇമാം അഹ്മദ് (رحمه الله) അർത്ഥവും രൂപവും നിഷേധിച്ചത് പുത്തൻവാദികളായ അല്ലാഹുവിന്റെ സ്വിഫാത്തുകളെ നിഷേധിക്കുന്ന (طائفة | عطلة)വർക്കും, അവ സാദൃശ്യപ്പെടുത്തുന്ന(طائفة | شبهة)വർക്കുമുള്ള ഖണ്ഡനമാണെന്ന് വ്യക്തം.

അപ്രകാരം ഇമാം മുഹമ്മദുബ്നുൽ ഹസൻ അശ്ശൈബാനി (رحمه الله)യുടെ ''ഖുർആനിലും നബി(ﷺ)യിൽ നിന്ന് വിശ്വാസയോഗ്യമായ നിലയിൽ വന്നിട്ടുള്ള ഹദീഥുകളിലും ലോക രക്ഷിതാവിന്റെ വിശേഷണങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളെ വിശദീകരണമോ വർണനയോ രൂപസങ്കൽപമോ സാദൃശ്യപ്പെടുത്തലോ കൂടാതെ വിശ്വസിക്കേണ്ടതുണ്ട് എന്ന വിഷയത്തിൽ കിഴക്കുമുതൽ പടിഞ്ഞാറുവരെയുള്ള സർവ പണ്ഡിതന്മാരും ഏകോപിച്ചിരിക്കുന്നു''വെന്ന വചനത്തെക്കുറിച്ച് ഗ്രന്ഥകാരൻ (ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ (رحمه الله)) പറഞ്ഞതും ഇക്കാര്യം തന്നെയാണ് അറിയിക്കുന്നത്. (മജ്മൂഅ് ഫതാവാ വാ: 5, പേജ് 50)

അതായത് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ (رحمه الله) പറയുകയുണ്ടായി: സച്ചരിതരായ പ്രവാചകാനുചരന്മാരും അവരെ പിന്തുടർന്നവരും അല്ലാഹുവിന്റെ സ്വിഫാത്തുകളെ മനസ്സിലാക്കിയതിനു വിപരീതമായി അവ നിഷേധിക്കുന്ന പുത്തൻവാദികളായ ജഹ്മിയാക്കൾ സ്വിഫത്തുകൾക്ക് നൽകിയ വിശദീകരണത്തേയാണ് അദ്ദേഹം മേൽ വചനത്തിൽ ഉദ്ദേശിക്കുന്നത്.

ഇതിൽ നിന്നും അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിക്കുന്ന ആയത്തുകളുടെയും ഹദീസുകളുടെയും വിശദീകരണം രണ്ടുവിധമുണ്ട് എന്ന് മനസ്സിലാക്കാം.

**ഒന്ന്** (مقبول تفسـ) സ്വീകാര്യമായ വിശദീകരണം: സച്ചരിതരായ പ്രവാചകാനുചരന്മാരും അവരെ പിന്തുടർന്നവരും സ്വീകരിച്ച ഖുർആനും നബിവചനങ്ങളുമാകുന്ന പ്രമാണങ്ങളോട് യോജിക്കുന്ന അല്ലാഹുവിന്റെ മഹത്വത്തിന് നിരക്കുന്ന വിധത്തിലുള്ള അർത്ഥം സ്ഥിരീകരിക്കൽ.

**രണ്ട്** (مقبول غ تفسـ) അസ്വീകാര്യമായ വിശദീകരണം: സച്ചരിതരായ പ്രവാചകനുചരന്മാരും അവരെ പിന്തുടർന്നവരും അല്ലാഹുവിന്റെ സ്വിഫാത്തുകളെ മനസ്സിലാക്കിയതിനു വിപരീതമായുള്ള വിശദീകരണമാണത്.

അല്ലാഹുവിന്റെ സ്വിഫാത്തുകൾക്ക് രൂപമുണ്ടോ? എന്ന ചോദ്യത്തിന് അതിന് രൂപമുണ്ട് എന്നാണ് മറുപടി. പക്ഷേ അതിന്റെ രൂപം നമുക്ക് അജ്ഞാതമാകുന്നു.

കാരണം ഒരു വസ്തുവിന്റെ രൂപം നമുക്ക് അറിയുന്നത് അതിനെ നേരിട്ടോ അല്ലെങ്കിൽ അതുപോലുള്ളതിനെയോ കാണുന്നതു മുഖേനയാണ്. അതല്ലെങ്കിൽ അതിനെക്കുറിച്ച് വസ്തുനിഷ്ഠമായി അറിയുന്നവരിൽ നിന്നോ ആകുന്നു. ഈ മാർഗങ്ങളൊന്നും തന്നെ അല്ലാഹുവിന്റെ വിശേഷണങ്ങളുടെ കാര്യത്തിൽ സാധ്യമല്ല. അതുകൊണ്ടുതന്നെ മുൻഗാമികൾ രൂപമില്ല എന്ന് പറഞ്ഞതിന്റെ അർത്ഥം അല്ലാഹുവിനെ വേറൊന്നിനോട് രൂപപ്പെടുത്താൻ പാടില്ല എന്നാണ്. മറിച്ച് അവർ അല്ലാഹുവിന്റെ സ്വിഫാത്തുകളുടെ രൂപങ്ങളെത്തന്നെ നിഷേധിക്കുന്നുവെന്നർത്ഥമാക്കിക്കൂടാ. എന്തു കൊണ്ടെന്നാൽ അത് അവയെത്തന്നെ നിഷേധിക്കലാകുന്നു. وا أعلم